12747

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡോ.അജിത് കുമാർ.വി.എസ്, കൺസൾട്ടന്റ്, ജില്ല ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ ഫയൽ ചെയ്ത O.A നം.1417/2017 മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2017-ലെ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ) നം.531/2018/ആ.കു.വ തിരുവനന്തപുരം, തീയതി, 16.02.2018.

പരാമർശം: 1) ഡോ.അജിത്കുമാർ.വി.എസ്, കൺസൾട്ടന്റ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക സമർപ്പിച്ച നിവേദനം.(Annexure A10)

2) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഡോ.അജിത് കുമാർ.വി.എസ്, കൺസൾട്ടന്റ് ഫയൽ ചെയ്ത O.A നം.1417/2017 മേലുള്ള 28.07.2017 തീയതിയായ വിധിന്യായം.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.10.2017-ലെ ഇഎ 1-86248/17/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഓർത്തോ വിഭാഗം കൺസൾട്ടന്റായി ജോലി നോക്കി വരവെ, ഡോ.വി.എസ്.അജിത് കുമാർ, തിരുവനന്തപുരം ജില്ലയിലെ സൌകര്യപ്രദമായ ഏതെങ്കിലും ആശുപത്രിയിൽ ഓർത്തോപീഡിക്സ് കൺസൾട്ടന്റിന്റെ ഒഴിവിലേക്ക്, തനിക്ക് intervertebral disc prolapse with lumbar canal stenoses എന്ന അസുഖത്താലും മകൾ open heart surgery കഴിഞ്ഞ് തുടർ ചികിത്സയിലുമായതിനാലും, തന്നെ പരിഗണിക്കണം എന്ന് അഭ്യർത്ഥിച്ച് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരത്തിന് മുമ്പാകെ O.A (EKM) നം.1417/2017 ഫയൽ ചെയ്യുകയുണ്ടായി.

2. ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 28/07/2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡോക്ടറുടെയും മകളുടെയും ആരോഗ്യസ്ഥിതി കണക്കിലെടുത്ത്, ടിയാനെ നേരിൽ കേട്ടശേഷം, ഒരു തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

3. അപ്രകാരം, ഡോ.വി.എസ്.അജിത് കുമാറിനെ 05.10.2017 -ൽ ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഡോ.അജിത് കുമാറിനെ നേരിൽ കേട്ട സമയം, അദ്ദേഹത്തിന്റെയും മകളുടെയും മെഡിക്കൽ രേഖകൾ ഹാജരാക്കിയിരുന്നു. അദ്ദേഹം intervertebral disc prolapse with lumbar canal stenoses എന്ന അസുഖത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുമാണെന്നും, open heart surgery കഴിഞ്ഞ മകൾക്ക് നിരന്തര പരിചരണം ആവശ്യമായതിനാൽ, തിരുവനന്തപുരത്തു നിന്നും മാറി നിൽക്കാൻ കഴിയാത്ത അവസ്ഥ ആണെന്നും ഹിയറിംഗ് വേളയിൽ അദ്ദേഹം അറിയിച്ചു. അസുഖം കാരണം ദീർഘദൂരം യാത്ര ചെയ്യാൻ കഴിയാത്ത ഡോക്ടർക്ക് തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിൽ കൺസൾട്ടന്റ് (ഓർത്തോ) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

4. നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഓർത്തോ വിഭാഗം, [illegible] കൺസൾട്ടന്റായി ജോലി നോക്കി വരവെ ഡോ.വി.എസ്.അജിത് കുമാറിനെ സ.ഉ (സാധാ) നം.745/2016/ആകവ തീയതി 02/03/2016 പ്രകാരം കൺസൾട്ടന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ നിയമിച്ചിരുന്നു. 25/06/2016-ൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റ സമയത്ത് ഉണ്ടായിരുന്ന ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി മാനദണ്ഡമാക്കിയാണ് ടിയാന് നിയമനം നൽകിയിട്ടുള്ളത്.

5. ഡോ.അജിത് കുമാറിന് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതിയും അദ്ദേഹം ഉന്നയിച്ചിരുന്നു. ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ജോലി നോക്കി വരവെ ഡോ.വി.എസ്.അജിത് കുമാർ വിവിധ സ്പെല്ലുകളിലായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അവധിക്ക് അപേക്ഷിച്ചിരുന്നെന്നും ഈ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ യഥാർത്ഥത പരിശോധിക്കുന്നതിനായി സെക്കന്റ് മെഡിക്കൽ ഒപ്പീനിയൻ വേണ്ടി വന്നതിനാൽ അവധി അപേക്ഷകൾ ശുപാർശ ചെയ്ത് മേലധികാരിക്ക് സമർപ്പിക്കാൻ കാലതാമസം നേരിട്ടതായി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് അറിയിച്ചിട്ടുണ്ടെന്നും ടി അവധി അനുവദിച്ചതിനു ശേഷം അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും പേ സ്ലിപ്പ് ലഭിക്കുന്ന മുറക്ക് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത് ടിയാന്റെ അവധി കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് അറിയിച്ചിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിൽ കൺസൾട്ടന്റ് (ഓർത്തോ) തസ്തികയിൽ ഒഴിവുകളൊന്നും നിലവിൽ ഇല്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. ഡോ.വി.എസ്.അജിത് കുമാർ ഹാജരാക്കിയ മെഡിക്കൽ റെക്കോർഡ്സ് പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിൽ ഓർത്തോ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സ്ഥലമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഡോ.വി.എസ്.അജിത് കുമാറിന് സ്ഥലംമാറ്റം അനുവദിച്ചു നൽകുന്നതിനും, 2018-ലെ പൊതുസ്ഥലമാറ്റത്തിൽ ഡോ.അജിത്കുമാറിനെ പരിഗണിയ്ക്കാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

7. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊണ്ട് ഉത്തരവ് തീർപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), തിരുവനന്തപുരം/ആലപ്പുഴ.
ഡോ.വി.എസ്.അജിത് കുമാർ, കൺസൾട്ടന്റ് (ഓർത്തോ), ജില്ലാ ആശുപത്രി, ചെങ്ങന്നൂർ.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

**<u>[illegible] തീയതി 22.02.2018</u>**

**അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്**

**ഡോ. വി.എസ്.അജിത് കുമാർ**
**കൺസൾട്ടന്റ് (ഓർത്തോ)**
**ജില്ലാ ആശുപത്രി ചെങ്ങന്നൂർ, ആലപ്പുഴ**